**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1493** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റുന്നതിന് മുൻഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ വീട് നിർമ്മിക്കുന്നതിനായി ഭൂമി തരംമാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ നിലവിലെ മുൻഗണന മറികടന്ന് പരിഗണിക്കുവാൻ സർക്കാർ തീരുമാനമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം, ഭൂമി തരം മാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ, അതിവേഗം തീർപ്പാക്കുന്നതിനു വേണ്ടി, ഊർജിത/തീവ്രയത്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച് എല്ലാ ആഫീസുകളിലും, അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായ, ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതുമാണ്. തരം മാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ, അടിയന്തിര സാഹചര്യമുള്ളവർക്കും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകി കൊണ്ട്, അത്തരത്തിലുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന്, ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും, റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും, ഈ സമിതി പ്രത്യേക മുൻഗണന ആവശ്യമുള്ള കേസ്സുകൾ പരിശോധിക്കുകയും, മുൻഗണന സംബന്ധിച്ച അർഹത പരിശോധിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതിന്, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതാണ്. മേൽ പ്രകാരമുള്ള, പ്രത്യേക പരിഗണനാർഹ വിഭാഗം/ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, ലൈഫ് മിഷൻ ഭവനപദ്ധതിയിലുൾപ്പെട്ടവർ വീട് നിർമ്മിക്കുന്നതിന് ഭൂമി തരം മാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ, നടപടികൾ സ്വീകരിക്കുന്നതിനായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറിൽ നിർദ്ദേശം ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ